**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583** **17-03-2022 - ൽ മറുപടിയ്ക്ക്**

**ബാംബൂ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബാംബൂ കോർപ്പറേഷന്റെ മുഴുവൻ ഡിപ്പോകളിലും ഗുണ നിലവാരമുള്ള ഈറ്റ ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ; | (എ) | ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ ഡിപ്പോകളിലും അനുമതി ലഭിച്ച കൂപ്പുകളായ റാന്നി/ ശ്രുദ്രിക്കൽ റേഞ്ചിലെ മൂഴിയാർ II, III, മലയാറ്റൂർ / കുട്ടമ്പുഴ റേഞ്ചിലെ പൂയം കുട്ടി കൂപ്പ്, ഇടമലയാർ റേഞ്ച് കൊല്ലത്തിരുമേട് വാഴച്ചാൽ റേഞ്ചിലെയും ഗുണ നിലവാരമുള്ള ഈറ്റയാണ് നൽകിവരുന്നത്. |
| (ബി) | ഈറ്റ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, നിലവിൽ 104 കോടി രൂപ സഞ്ചിത നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എങ്കിലും ഒരു ഈറ്റവെട്ട് തൊഴിലാളിയ്ക്ക് മിനിമം വേതനത്തിന്റെ ഭാഗമായി, 6 കെട്ട് ഈറ്റ വെട്ടിയാൽ 600/- രൂപയും, ഇതിനു പുറമെ ഡി.എ അനുവദിക്കുമ്പോൾ 149/- രൂപയും കൂട്ടി ഒരാൾക്ക് 749/- രൂപയോളം ലഭ്യമാക്കുന്നുണ്ട്. |
| (സി) | ബാംബൂ കോർപ്പറേഷനന് കീഴിലെ വിവിധ ഡിപ്പോകളിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഉദ്യോഗസ്ഥന്മാർ തിരിമറി നടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ;വിശദാംശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ